Rama Varmha Tampuran, M.B.E. *(Chief Secretary to Government):* Yes. They must be brought up-to-date also before they are reprinted.

മിസ്റ്റർ പി. കെ. ഡീവർ: Administration Reports ജനങ്ങൾക്കാവശ്യമുണ്ടെങ്കിൽ വില്ക്കുവാൻ പാടില്ലേ?

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* I don't think there will be any objection in the case of published administration reports.

Mr. P. K. Dewer *(Nominated):* Can the departmental administration reports also be made available for purchase?

Mr. President: Who wants to buy them?

Mr. P. K. Dewer *(Nominated):* Several people want to buy.

PEONS—SUB-MAGISTRATE'S COURT, IRINJALAKKUDA

173. മിസ്റ്റർ കെ. കെ. കണ്ണൻ: ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും താഴെ പറയുന്ന ചോദ്യത്തിന്നു് സദയം മറുപടി പറയാമോ.—

ഇരിങ്ങാലക്കുട രണ്ടാംക്ലാസ്സു് മജിസ്ട്രേട്ടുകോടതിയിൽ ശിപായിമാരായി ഓരോ സമുദായത്തിൽനിന്നും എത്രപേർ വീതമാണു് ഉള്ളതെന്നു സദയം പറയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

നായർ —2

ക്രസ്ത്യാനികൾ —2

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരിൽനിന്നു ഇതിന്നുമുമ്പു ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഈ കോടതിയിൽ ഇതിന്നുമുമ്പു നിയമിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ ഉള്ളവർ പഴയ ആളുകളോ അതോ പുതിയ ആളുകളോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: പഴയ ആളുകൾ.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരിൽനിന്നു എന്തുകൊണ്ടാണു് ഇതുവരെ ആരെയും നിയമിക്കാതെ ഇരുന്നതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇപ്പോൾ ഉള്ളവരെ നിയമിച്ചപ്പോൾ എന്തുകൊണ്ടാണു അധഃകൃതരിൽനിന്നു നിയമിക്കാഞ്ഞതെന്നെനിക്കു അറിഞ്ഞുകൂടാ. ഇപ്പോഴുള്ളവരൊക്കെ പഴയ ആളുകളാണു്. പുതിയ നിയമനങ്ങളുമില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇനി പുതിയ നിയമനങ്ങൾ വരുമ്പോൾ ആലോചിക്കുമോ.

മിസ്റ്റർ ബി. വി. കെ. മേനോൻ തീർച്ചയായും ആലോചിക്കാം.

COCHIN TEACHERS' ASSOCIATION—COMPLAINTS FROM

174. Mr. C. S. Panicker *(Adur):* Will Government be pleased to state.—

(*a*) have the Government received any complaint from the Cochin Teachers' Association regarding the appointment of a Headmaster in the St. Thomas' College High School, Trichur;

(*b*) have they passed any orders on the representations made by the representative body of the teachers of Cochin;

(*c*) do the Government know that a large number of teachers of the said school are adversely affected by the said appointment:

(*d*) is not the first Assistant of the School duly qualified to become a Headmaster?

LIBRARY ARCHIVES Kerala Legislative Assembly